D. സഹസ്രാബ്ദ വാഴ്ച - അദ്ധ്യായം 20

1. സാത്താൻ 1000 വർഷത്തേക്കു ബന്ധനത്തിൽ 1-3
2. മഹാപീഢനകാലത്തെ വിശുദ്ധർ ക്രിസ്തുവിനോടൊപ്പം 1000 വർഷം വാഴുന്ന 4-6
3. 1000 വർഷം കഴിഞ്ഞ് സാത്താനെ തുറന്നു വിടുന്നു 7-9
4. സാത്താൻ ഗന്ധക തീപ്പൊയ്കയിലേക്ക് -10
5. മഹാ വെള്ള സിംഹാസനത്തിൽ മുമ്പാകെ നഷ്ടപ്പെട്ട പാപികൾ ന്യായം വിധിക്കപ്പെടുകയും സാത്താനോടൊപ്പം ഗന്ധക തീപ്പൊയ്കയിലേക്ക് തള്ളപ്പടുകയും ചെയ്യുന്നു 11-15

E. നിത്യതയിലേക്കുള്ള പ്രവേശനം അദ്ധ്യായം 21,22

1. പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരുശലേം -21:1,2
2. പുതുയുഗം -21:3-8
3. പുതിയ യെരുശലേം, കാന്തയുടെ നിത്യവസതിയെക്കുറിച്ചുള്ള വിവരണം 21:9-21
4. പുതിയ ബന്ധം - ദൈവം മനുഷ്യരോടൊപ്പം -21:22,23
5. പുതിയ സൃഷ്ടിയുടെ പുതിയ കേന്ദ്രം -21:24-27
6. ജീലജല നദിയും, ജീവവൃക്ഷവും 22:1-5
7. ക്രിസ്തുവിന്റെ വീണ്ടും വരവിന്റെ വാഗ്ദത്തം 22:6-16
8. ഒടുവിലത്തെ ക്ഷണവും മുന്നറിയിപ്പും -22:17-19
9. ഒടുവിലത്തെ വാഗ്ദത്തവും പ്രാർത്ഥനയും 22:20,21

*ശ്രവിപ്പിൻ ട്രാൻസ്‌വേൾഡ് റേഡിയോ - ഇന്ത്യയുടെ മലയാള പരിപാടികൾ, പ്രഭാതത്തിൽ 5.00 മുതൽ,*
*ശനിയാഴ്ച രാവിലെ 6 നും*
*ഞായറാഴ്ച രാവിലെ 6.30 MW 340 മീറ്ററിൽ*

ജീവസന്ദേശം പോസ്റ്റ് ബോക്സ് നമ്പർ-3, മഞ്ഞാടി പി.ഒ. തിരുവല്ല - 5, കേരളം
ഫോൺ : 0469 - 2700284

## ട്രാൻസ് വേൾഡ് റേഡിയോ ഇൻഡ്യ

# ജീവസന്ദേശം

## റേഡിയോ ബൈബിൾ പഠനം

# വെളിപ്പാട്

**എഴുത്തുകാരൻ : അപ്പൊ. യോഹന്നാൻ**

വെളിപ്പാടുപുസ്തക പഠനത്തേ സംബന്ധിച്ച് പല സമീപനരീതികൾ ഉണ്ടായിട്ടുണ്ട്. ഇവയെ നാലു പ്രധാന രീതികളായി (സിദ്ധാന്തങ്ങൾ) തരം തിരിക്കാവുന്നതാണ്.

**1. ഭൂതകാല ക്രിയാ സിദ്ധാന്തം:** (Pre terist theory)

ഈ സിദ്ധാന്തമനുസരിച്ച് വെളിപ്പാടുപുസ്തകത്തിലെ സംഭവങ്ങളെല്ലാം ഭൂതകാലത്ത് നിറവേറി കഴിഞ്ഞിരിക്കുന്നു. ഇത് യോഹന്നാന്റെ കാലത്തേ തദ്ദേശിയ സംഭവങ്ങൾ മാത്രം. അതായത് നീറോയുടെയോ, ഡൊമിഷ്യന്റെയോ കാലത്തു നടന്നത്. മിക്കവാറും ജർമ്മൻ പണ്ഡിതരുടെയും കാഴ്ചപ്പാട് ഇതായിരുന്നു.

**2. ചരിത്രപരമായ സിദ്ധാന്തം:** (Historical theory)

വെളിപ്പാടിലെ സംഭവങ്ങൾ ചരിത്രത്തിൽ നിറവേറിക്കൊണ്ടേയിരിക്കുന്നു. ഇതനുസരിച്ച് വെളിപ്പാട് സഭയുടെ പ്രവചനപരമായ ചരിത്രമാണ്.

**3. ചരിത്ര ആത്മീക സിദ്ധാന്തം:** (Historical Spiritual theory)

ചരിത്രപരമായ സിദ്ധാന്തത്തിന്റെ ഒരു നവീകരിച്ച രൂപമാണിത്. സർ വില്യം റാം സെയാണ് ഇത് ആവിഷ്കരിച്ചത്. ഈ ചിന്താഗതിയനുസരിച്ച് വെളിപ്പാടിന്റെ ഉദ്ദേശ്യം

ക്രിസ്ത്യാനികൾക്ക് പ്രോത്സാഹനം നൽകുക എന്നതാണ്. ഇതിന്റെ കാഴ്ചപ്പാടിൽ വെളിപ്പാടിലെ സംഭവങ്ങൾ മിക്കവാറും നിറവേറിക്കഴിഞ്ഞു. ഇന്നത്തെ സഭയെ സംബന്ധിച്ച് ഇതിൽനിന്നു ചില ആത്മീയ പാഠങ്ങൾ ഉൾകൊള്ളാനുണ്ട് എന്നു മാത്രം. സഹസ്രാബ്ദ നിഷേധവാദം ഈ കാഴ്ചപ്പാടിനെ സ്വീകരിച്ചിരിക്കുന്നു. വാസ്തവത്തിൽ ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം നശിപ്പിക്കുകയും പരാജയപ്പെടുത്തുകയും ചെയ്യുന്ന ഒരു സിദ്ധാന്തമാണിത്.

**4. ഭാവി കാല ക്രിയാ സിദ്ധാന്തം:** (Futurist theory)

വെളിപ്പാടു പുസ്തകം പ്രാഥമികമായും പ്രവചനപരവും ഗ്രന്ഥകാരൻ വെളിപ്പാടു 4 മുതൽ ഒടുക്കം വരെ ഭാവിയിൽ നടക്കാനുള്ളതാണെന്ന് ഈ സിദ്ധാന്തം ശക്തമായി പറയുന്നു. ആയിരം ആണ്ടു വാഴ്ചയ്ക്കു മുമ്പ് സഭ എടുക്കപ്പെടും എന്നു വിശ്വസിക്കുന്ന സകലരുടേയും കാഴ്ചപ്പാട് ഇതാണ്. നാം സ്വീകരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നതും ഈ ചിന്താഗതിയത്രേ!

**ശ്രദ്ധേയമായ സവിശേഷതകൾ**

* പുതിയനിയമത്തിലെ ഏക പ്രവചനപുസ്തകം (പഴയനിയമത്തിൽ 17 പ്രവചനപുസ്തകങ്ങളുണ്ട്)
* തിരുവചനത്തിലെ ഏതൊരു എഴുത്തുകാരനേക്കാൾ, വെളിപ്പാടിന്റെ എഴുത്തുകാരനായ യോഹന്നാൻ, കഴിഞ്ഞ കാല നിത്യതയിലേക്ക് കടന്നു ചെല്ലുന്നു (യോഹ.1:1-3) അതോടൊപ്പം വെളിപ്പാടിൽ താൻ ഭാവികാല നിത്യതയിലേക്കും പോകുന്നു.
* ഈ പുസ്തകം വായിക്കുന്നവർക്ക് ഒരു പ്രത്യേക അനുഗ്രഹം വാഗ്ദത്തം ചെയ്തിരിക്കുന്നു (വെളി.1:3) അതുപോലെ ഇതിലെ ഉള്ളടക്കത്തെ നിരസിക്കുന്നവർക്ക് ശക്തമായ മുന്നറിയിപ്പും നൽകിയിരിക്കുന്നു (വെളി.22:18,19)
* ദാനിയേൽ പുസ്തകത്തിന് നേരെ വിപരീതമായി (ദാനി.12:9) വെളിപ്പാട് മുദ്രവച്ച പുസ്തകമല്ല (വെളി. 22:10) ഇത് ഒരു മറ നീക്കപ്പെട്ട വെളിപ്പാടാണ്.
* ദൃഷ്ടാന്തങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ദർശനങ്ങളുടെ ഒരു നിരയാണ്.
* തിരുവചനത്തിലെ മറ്റു ഭാഗങ്ങളിൽ നിന്നുള്ള പ്രവചനത്തിന്റെ വലിയ തീവണ്ടിപ്പാതകൾ വന്നു ചേരുന്ന വലിയൊരു സ്റ്റേഷൻ പോലെയാണ് വെളിപ്പാടു പുസ്തകം. വെളിപ്പാടിൽ ആരംഭിക്കുകയല്ല പൂർത്തിയാക്കപ്പെടുകയാണ്. ഈ പുസ്തകം ശരിക്കും മനസ്സിലാകണമെങ്കിൽ, പ്രവചനത്തിന്റെ ഓരോ വലിയ വിഷയങ്ങളെയും അതിന്റെ ആദ്യ പരാമർശത്തിൽനിന്നു തന്നെ പഠനം ആരംഭിക്കേണ്ടിയിരിക്കുന്നു. ഇതിൽ കുറഞ്ഞപക്ഷം 10 പ്രധാന പ്രവചനവിഷയങ്ങളുടെ നിറവേറൽ കണ്ടെത്തുന്നതായി കാണുന്നു. അവ താഴെ പറയുന്നു.

(1) കർത്താവായ യേശുക്രിസ്തു (ഉല്പത്തി 3:15)

(2) സഭ (മത്തായി 16:18)

(3) വിശുദ്ധന്മാർക്ക് ഉയിർപ്പും രൂപാന്തരവും (1തെസ്സ.4:13-18, 1കൊരി.15:51,52)

(4) മഹാപീഢനം (ആവ.4:30,31)

(5) സാത്താനും ദുഷ്ടതയും (യെഹ.28: 11-18)

(6) പാപ മനുഷ്യൻ (യെഹ.28:1-10)

(7) വിശ്വാസത്യാഗം സംഭവിച്ച ക്രിസ്തീയ ഗോളത്തിന്റെ ശാപവും അന്ത്യവും (ദാനി.2:31-45, മത്തായി 13)

(8) ജാതികളുടെ കാലത്തിന്റെ ആരംഭവും ശാപവും അന്ത്യവും (ദാനി.2:37, ലൂക്കോ21:24)

(9) യേശുക്രിസ്തുവിന്റെ വീണ്ടും വരവ് (യൂദാ.14,15)

(10) യിസ്രായേലിന്റെ ഉടമ്പടികൾ (ഉല്പ.12:1-3) യിസ്രായേലിനുള്ള 5 വാഗ്ദത്തങ്ങൾ

താക്കോൽ വാക്യങ്ങൾ (വെളി. 1:18,19)

**വിഷയവിഭജനം**

I യേശുക്രിസ്തു എന്ന വ്യക്തി ക്രിസ്തുവിന്റെ തേജസ്സ് - അദ്ധ്യായം - 1

a. പുസ്തകത്തിന്റെ തലക്കെട്ട് - വാക്യം 1

b. വെളിപ്പാടിന്റെ നീതി - വാക്യം 2

c. ബൈബിൾ പഠനത്തിന്റെ അനുഗ്രഹം - വാക്യം 3

d. യോഹന്നാന്റെയും സ്വർഗ്ഗത്തിൽനിന്നും യേശുക്രിസ്തുവിന്റെയും വന്ദനങ്ങൾ - വാക്യം 4-8

e. മനുഷ്യാവതാരം ചെയ്ത ക്രിസ്തു തേജസ്കരിക്കപ്പെട്ട ശരീരത്തിൽ തന്റെ സഭയെ ന്യായം വിധിക്കുന്നു (അതിവിശുദ്ധ സ്ഥലത്തെ മഹാന്യായാധിപതി) - വാക്യം 9-18

f. വെളിപ്പാടിലെ വിഷയങ്ങളുടെ കാലക്രമം - വാക്യം 19

g. ഏഴു നക്ഷത്രങ്ങളുടെയും ഏഴു നിലവിളക്കുകയുടെയും വ്യാഖ്യാനം - വാക്യം 20

**II** യേശുക്രിസ്തുവിന്റെ സമ്പാദ്യം - സഭാലോകത്തിൽ അദ്ധ്യായം 2,3.

a. എഫെസോസിലെ സഭയ്ക്കുള്ള ക്രിസ്തുവിന്റെ കത്ത് - 2:1-7

b. സ്മുർന്നയിലെ സഭയ്ക്കുള്ള ക്രിസ്തുവിന്റെ കത്ത് - 2: 8-11

c. പെർഗ്ഗമോസിലെ സഭയ്ക്കുള്ള ക്രിസ്തുവിന്റെ കത്ത് - 2:12-17

d. തുയഥൈരയിലെ സഭയ്ക്കുള്ള ക്രിസ്തുവിന്റെ കത്ത് - 2:18-29

e. സർദ്ദിസിലെ സഭയ്ക്കുള്ള ക്രിസ്തുവിന്റെ കത്ത് - 3:1-6

f. ഫിലദെൽഫിയയിലെ സഭയ്ക്കുള്ള ക്രിസ്തുവിന്റെ കത്ത് - 3:7-13

g. ലവോദിക്യയിലെ സഭയ്ക്കുള്ള ക്രിസ്തുവിന്റെ കത്ത് - 3:15-22

**III** യേശുക്രിസ്തുവിന്റെ കാര്യപരിപാടി - സ്വർഗ്ഗത്തിലെ ദൃശ്യം അദ്ധ്യായം 4-22

A. സഭ സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടു കൂടെ - അദ്ധ്യായം 4,5, യോഹ. 14:3

1. ദൈവസിംഹാസനം 4:1-3
2. ഇരുപത്തിനാലു മൂപ്പന്മാർ 4:4-5
3. നാലു ജീവികൾ 4:6-11
4. ഏഴുമുദ്രയുള്ള പുസ്തകം 5:1-4
5. ക്രിസ്തു: യഹൂദ ഗോത്രത്തിലെ സിംഹവും അറുക്കപ്പെട്ട കുഞ്ഞാടും 5:5-10
6. സ്വർഗ്ഗത്തിലെ ദൂതന്മാരുടെ കൂട്ടം സ്തുതിയുടെയും വീണ്ടെടുപ്പിന്റെയും ഗാനം ചേർന്നു പാടുന്നു 5:11,12
7. പ്രപഞ്ചത്തിന്റെ രക്ഷകനും സർവ്വാധികാരിയുമായവന് സാർവത്രികമായ ആരാധന 5:13,14

B. ലോകത്തിൽ മഹാപീഢനം - അദ്ധ്യായം 6-18

1. ഏഴു മുദ്രയുള്ള പുസ്തകം തുറക്കുന്നു അദ്ധ്യായം 6-8:1

a. ഒന്നാം മുദ്ര പൊട്ടിക്കുന്നു - 6:1,2
(വെള്ളക്കുതിരമേൽ ഇരിക്കുന്നവൻ)

b. രണ്ടാം മുദ്ര പൊട്ടിക്കുന്നു - 6:3,4
(ചുവന്ന കുതിരമേൽ ഇരിക്കുന്നവൻ)

c. മൂന്നാം മുദ്ര പൊട്ടിക്കുന്നു - 6:5,6
(കറുത്ത കുതിരപ്പുറത്തിരിക്കുന്നവൻ)

d. നാലാം മുദ്ര പൊട്ടിക്കുന്നു - 6:7,8
(മഞ്ഞ കുതിരപ്പുറത്തിരിക്കുന്നവൻ)

e. അഞ്ചാം മുദ്ര പൊട്ടിക്കുന്നു - 6:9-11
(രക്തസാക്ഷികളുടെ പ്രാർത്ഥന)

f. ആറാം മുദ്ര പൊട്ടിക്കുന്നു - 6:12-17
(ദൈവകോപത്തിന്റെ ദിവസം വന്നു - മഹാപീഢനത്തിന്റെ ഒടുവിലത്തെ പാതി ആരംഭിക്കുന്നു)

g. ഇടവേള അദ്ധ്യായം 7

1. ആറും ഏഴും മുദ്രകൾക്കിടയിലെ ഇടവേളയുടെ കാരണം വാക്യം 1-3
2. യിസ്രായേലിന്റെ ശേഷിപ്പിന് മുദ്രയിടുന്നു വാ.4-8
3. ജാതികളിൽനിന്നും വീണ്ടെടുക്കപ്പെട്ട മഹാപുരുഷാരം വാക്യം 9-17

**h. ഏഴാം മുദ്ര പൊട്ടിക്കുന്നു 8:1 (ഏഴു കാഹളങ്ങൾ)**

2. ഏഴു കാഹളങ്ങൾ മുഴക്കുന്നു - അദ്ധ്യായം 8:2 - 11:19

a. സുഗന്ധ ധൂപവുമായി ദൂതൻ യാഗപീഠത്തിനരികെ 8:2-6

b. ഒന്നാമത്തെ കാഹളം - വൃക്ഷങ്ങൾ വെന്തു 8:7

c. രണ്ടാമത്തെ കാഹളം - സമുദ്രം രക്തമായി 8:8.9

d. മൂന്നാമത്തെ കാഹളം - വെള്ളം കൈപ്പായി 810,11

e. നാലാമത്തെ കാഹളം - സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ഇവ ഇരുണ്ടുപോയി 8:12-13

f. അഞ്ചാമത്തെ കാഹളം - നക്ഷത്രങ്ങൾ വീഴുന്നു 9:1-12

g. ആറാമത്തെ കാഹളം - യൂഫ്രട്ടീസ് തീരത്തു ബന്ധിച്ചിരുന്ന നാലു ദൂതന്മാരെ അഴിച്ചു വിടുന്നു 9:13-21

h. ആറും ഏഴും കാഹളത്തിനിടയിലെ ഇടവേള 10:1-11:14

1. ചെറുപുസ്തകവുമായി വരുന്ന ബലവാനായ ദൂതൻ 10:1-7
2. യോഹന്നാൻ ചെറുപുസ്തകം തിന്നുന്നു 10:8-11
3. ജാതികളുടെ കാലം തീരുന്ന തീയതി 11:1,2
4. രണ്ടു സാക്ഷികളുടെ പ്രവചന കാലം 11:3-12
5. വലിയ ഭൂകമ്പം 11:13,14

**i. ഏഴാമത്തെ കാഹളം - മഹാപീഢനത്തിന്റെ അവസാനവും സ്വർഗ്ഗത്തിലെ ആലയം തുറക്കലും 11:15-19**

3. മഹാപീഢനകാലത്തെ ഏഴുപേർ അദ്ധ്യായം 12,13

a. സ്ത്രീ - യിസ്രായേൽ 12:1,2

b. തീ നിറമുള്ള സർപ്പം - സാത്താൻ 12:3,4

c. സ്ത്രീയുടെ കുട്ടി - യേശുക്രിസ്തു 12:5,6

d. പ്രധാനദൂതനായ മീഖായേൽ മഹാസർപ്പത്തോടു പടവെട്ടുന്നു 12:7-12

e. മഹാസർപ്പം സ്ത്രീയെ ഉപദ്രവിക്കുന്നു 12:13-16

f. യിസ്രായേലിലെ ശേഷിപ്പ് 12:17

g. കടലിൽനിന്നും വരുന്ന മൃഗം - ഒരു രാഷ്ട്രീയ ശക്തിയും ഒരു വ്യക്തിയും 13:1-10

(1) മൃഗം - വിവരണം 1,2

(2) മൃഗം - മരണകരമായ മുറിവ് 3

(3) മൃഗം - ദൈവത്വം അവകാശപ്പെടുന്നു 4,5

(4) മൃഗം - ദൈവത്തെ ദുഷിക്കുന്നു 6-8

(5) മൃഗം - എതിർക്കുന്നവരെ കൊല്ലുന്നു 9,10

**h. ഭൂമിയിൽ നിന്നു വരുന്ന മൃഗം - ഒരു മത നേതാവ് 13:11-18**

(1) മൃഗം - വിവരണം 11

(2) മൃഗം - അധികാരം നടത്തുന്നു 12-14

(3) മൃഗം - ലോകത്തെ വഞ്ചിക്കുന്നു 15-17

(4) മൃഗം - നാമനിർദ്ദേശം 18

4. മഹാപീഢനത്തിന്റെ അന്ത്യത്തിലേക്കു നോക്കുന്നു അദ്ധ്യായം -14

a. 144,000 പേരൊടൊപ്പം കുഞ്ഞാടിന്റെ ചിത്രം 1-5

b. നിത്യസുവിശേഷത്തിന്റെ പ്രഘോഷണം 6,7

c. ബാബിലോണിന്റെ ന്യായവിധിയെക്കുറിച്ചുള്ള ആധികാരിക പ്രഖ്യാപനം 8

d. മൃഗത്തിന്റെ മുദ്രയേറ്റവരുടെ ന്യായവിധിയേക്കുറിച്ചുള്ള ആധികാരിക പ്രഖ്യാപനം 9-12

e. കർത്താവിൽ മരിച്ചവർക്കുള്ള പുകഴ്ച -13

f. അർമ്മഗെദ്ദോന്റെ മുൻ കാഴ്ച - 14-20

5. ഏഴു കോപകലശങ്ങൾ ഒഴിക്കുന്നു അദ്ധ്യായം 15,16

a. മഹാപീഢനത്തിന്റെ ഒടുവിലത്തെ ന്യായവിധിക്കുള്ള ഒരുക്കം 15:1-16:1

(1) പീഢനകാല വിശുദ്ധർ സ്വർഗ്ഗത്തിൽ ദൈവത്തെ ആരാധിക്കുന്നു. കാരണം താൻ വിശുദ്ധനും നീതിമാനും ആകുന്നു 15:1-4

(2) സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറക്കുന്നു. തുടർന്ന് ഏഴു ദൂതന്മാർ ഏഴു പൊൻ കലശവുമായി വരുന്നു 15:5-16:1

b. ഒന്നാത്തെ കലശം ഒഴിക്കുന്നു - 16:2

c. രണ്ടാമത്തെ കലശം ഒഴിക്കുന്നു - 16:3

d. മൂന്നാമത്തെ കലശം ഒഴിക്കുന്നു - 16:4-7

e. നാലാമത്തെ കലശം ഒഴിക്കുന്നു - 16:8,9

f. അഞ്ചാത്തെ കലശം ഒഴിക്കുന്നു - 16:10,11

g. ആറാമത്തെ കലശം ഒഴിക്കുന്നു - 16:12

h. ഇടവേള ഭൂതലത്തിലെ രാജാക്കന്മാർ ഹർമ്മഗെദ്ദോനിൽ ഒത്തു ചേരുന്നു. 16:13-16

i. ഏഴാമത്തെ കലശം ഒഴിക്കുന്നു - 16:17-21

6. രണ്ടു ബാബിലോനും ന്യായം വിധിക്കപ്പെടുന്നു അദ്ധ്യായം 17,18

a. മഹാപീഢനകാലത്തെ വിശ്വാസം ത്യജിച്ച സഭ - അദ്ധ്യാ.15:17

(1) മൃഗത്തിന്മേൽ ഇരിക്കുന്ന മഹാവേശ്യ - 1-7

(2) മഹാവേശ്യയെ മൃഗം നശിപ്പിക്കുന്നു - 8-18

b. രാഷ്ട്രീയവും വാണിജ്യപരവുമായ ബാബിലോൺ ന്യായം വിധിക്കപ്പെടുന്നു - അദ്ധ്യാ.18

(1) രഷ്ട്രീയ വാണിജ്യ ബാബിലോണിന്റെ പതനത്തേക്കുറിച്ചുള്ള പ്രഖ്യാപനം 1-8

(2) ബാബിലോണിന്റെ ന്യായംവിധിക്കയാൽ ലോകത്തിൽ തീവ്രമായ ദുഃഖം 9-19

(3) ബാബിലോണിന്റെ ന്യായവിധി മൂലം സ്വർഗ്ഗത്തിൽ ആനന്ദം 20-24

C. കുഞ്ഞാടിന്റെ കല്യാണവും ന്യായവിധിയിൽ ക്രിസ്തുവിന്റെ മടങ്ങി വരവും - അദ്ധ്യായം 19

1. നാലു ഹല്ലേലുയ്യാകൾ 1-6
2. കുഞ്ഞാടിന്റെ കാന്തയും കല്യാണവിരുന്നു 7-10
3. രാജാധിരാജാവും കർത്താധി കർത്താവും ആയുള്ള ക്രിസ്തുവിന്റെ മടങ്ങിവരവ് 11-16
4. ഹർമ്മഗെദ്ദോൻ യുദ്ധം 17,18
5. നരകം തുറക്കുന്നു 19-21